ഹാംലെറ്റ് വികസന പദ്ധതി

13 (*43) ഡോ. എൻ. ജയരാജ് :
ശ്രീ.പി. സി. ജോർജ്ജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹാംലെറ്റ് വികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിനായി നടപ്പു സാമ്പത്തികവർഷം ഏതെല്ലാം സങ്കേതങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) അപ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായുള്ള വിശദമായ പ്രൊപ്പോസലുകൾ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെട്ട 18 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. ആയത് അവസാന ഘട്ടത്തിലാണ്. പ്രവർത്തന പുരോഗതി അനുബന്ധംI ആയി ചേർക്കുന്നു.*

2014-15 വർഷം ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 18 സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്.

(ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, വയനാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശം അനുബന്ധംII* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷം ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 18 എണ്ണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള ഇറിഗേഷൻ & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എന്നീ ഏജൻസികൾ മുഖേന തയ്യാറാക്കി പദ്ധതി നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. വിശദാംശങ്ങൾ അനുബന്ധംIII ആയി ചേർക്കുന്നു. *

മണൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

14 (*44) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) മണൽക്ഷാമംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) മണൽക്ഷാമം പരിഹരിക്കുന്നതിനായി വിദേശത്ത് നിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ-സി) സംസ്ഥാനത്ത് മണൽ ക്ഷാമം രൂക്ഷമായതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നാളിതുവരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) തൃശ്ശൂർ, പാലക്കാട്, കാസർഗോഡ്, കോഴിക്കോട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ 'സാന്റ്' (SAND) എന്ന ഓൺലൈൻ മണൽ വിപണന സംവിധാനത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മണൽ വിതരണം നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനത്തിലൂടെ മണലിന്റെ വിലവർദ്ധനയും മണൽ മാഫിയ പ്രവർത്തനങ്ങളും മണൽ ക്ഷാമവും ഒരളവുവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly